# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ആഫീസ്, തൃശ്ശൂർ

റാങ്ക് പട്ടിക നമ്പർ : 401/14/ DOR
കാറ്റഗറി നമ്പർ : 001/2014

സ്ഥലം : തൃശ്ശൂർ
തീയതി: 30/6/2014

## <u>വിജ്ഞാപനം</u>

തൃശ്ശൂർ ജില്ലയിലെ വനം വകുപ്പിൽ ട്രൈബൽ വാച്ചർ തസ്തികയിലേക്ക് (വനത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന ആദിവാസികൾക്കു വേയുള്ള പ്രത്യേക നിയമന പദ്ധതി പ്രകാരം പട്ടിക വർഗ്ഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന തെരെഞ്ഞെടുപ്പ്) (കാറ്റഗറി നമ്പർ 001/2014) 2014 മാർച്ച് 17 മുതൽ 22 വരെ നടന്ന അസ്സൽ പ്രമാണ പരിശോധന, അഭിമുഖം ഇവയ്ക്ക് ശേഷം യോഗ്യരെന്ന് കത്തെിയ ഉദ്യോഗാർത്ഥികളുടെ പേരുകൾ മെരിറ്റ് അടിസ്ഥനത്തിൽ ക്രമപ്പെടുത്തിയത് താഴെ കൊടുക്കുന്നു. ഈ റാങ്ക് പട്ടിക 30/06/2014 മുതൽ നിലവിൽ വന്നിരിക്കുന്നു. ടി റാങ്ക് പട്ടിക പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ റാങ്ക് പട്ടികയ്ക്ക് പ്രാബല്യമുായിരിക്കുന്നതല്ല. ഇപ്പോൾ നിലവിലുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് വനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗക്കാരായ ആദിവാസികൾക്കു മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ഉദ്യോഗാർത്ഥികളെ ജോലിയ്ക്കായി നിയമന ശിപാർശ ചെയ്യുന്നത് ഒഴിവുകൾ ഉാകുന്നതിന്റെ അടിസ്ഥാനത്തിലാകയാൽ ടി റാങ്ക് പട്ടികയിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും ജോലി ലഭിക്കും എന്ന് മുൻകൂട്ടി ഉറപ്പ് നൽകുവാൻ കഴിയുകയില്ല. കൂടാതെ, ടി റാങ്ക് പട്ടിക ഇല്ലാതാക്കപ്പെടുന്ന സമയത്ത്, അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നു എന്ന ഒറ്റക്കാരണത്താൽ നിയമനത്തിനായി ആവശ്യം ഉന്നയിക്കുവാൻ അവകാശമുായിരിക്കുകയില്ല.

(കമ്മീഷന്റെ ആജ്ഞാനുസരണം)

(ഒപ്പ്)

ടി. വി ഗിരിജൻ
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, തൃശ്ശൂർ

*എൻ.എം.ആർ/*